# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 നവംബർ 5

# വാർത്താക്കുറിപ്പ്

## ബി.എ./ബി.കോം. പ്രൈവറ്റ് പരീക്ഷ

മൂന്ന്, നാല് സെമസ്റ്റർ ബി.എ./ ബി.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ (2017 മുതലുള്ള അഡ്മിഷൻ) സി.ബി.സി.എസ്. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത പരീക്ഷകേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി സർവകലാശാല അനുവദിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകണം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1258/2021)

## അപേക്ഷ 11 വരെ

മൂവാറ്റുപുഴ നിർമ്മല സദൻ കോളേജിൽ നടത്തുന്ന എം.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസെബിലിറ്റി) പ്രവേശനത്തിന് നവംബർ 11 വരെ അപേക്ഷിക്കാം. അപേക്ഷകൾ കോളേജിൽ നേരിട്ട് സമർപ്പിക്കണം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ. ഫോൺ: 8590197892, 9744045432.

(പി.ആർ.ഒ/39/1259/2021)

## അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് 2022 വർഷത്തെ കോച്ചിംഗ് പ്രോഗ്രാമിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. നവംബർ 24 വരെ അപേക്ഷകൾ സ്വീകരിക്കും. വിശദമായ വിവരം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും. ഫോൺ: 9188374553, ഇമെയിൽ: civilserviceinstitute@mgu.ac.in

(പി.ആർ.ഒ/39/1260/2021)

## പരീക്ഷാ തീയതി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ - എൽ.എൽ |.ബി. (ഓണേഴ്സ്) 2016 അഡ്മിഷൻ - റഗുലർ പരീക്ഷകൾ നവംബർ 16ന് ആരംഭിക്കും.

(പി.ആർ.ഒ/39/1261/2021)

## ടൈംടേബിളിൽ മാറ്റം

ബി.എസ് സി. ജിയോളജി ആന്റ് വാട്ടർ മാനേജ്മെന്റ് മോഡൽ 3 പരീക്ഷയുടെ ഒക്ടോബർ 13ന് പ്രസിദ്ധീകരിച്ച ടൈംടേബിളിൽ ഉൾപ്പെടുത്തിയിരുന്ന ക്രിസ്റ്റലോഗ്രാഫി ആന്റ് മിനറലോളജി പേപ്പർ ടൈംടേബിളിൽനിന്ന് ഒഴിവാക്കി. പ്രസ്തുത പേപ്പർ പ്രാക്ടിക്കൽ പരീക്ഷയായാണ് നടത്തുക.

(പി.ആർ.ഒ/39/1262/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഡാറ്റ അനലിറ്റിക്സ് വകുപ്പിൽ എം.എസ് സി. ഡാറ്റ സയൻസ് ആന്റ് അനലിറ്റിക്സ് ബാച്ചിൽ (2021 അഡ്മിഷൻ) എസ്.സി. വിഭാഗത്തിൽ രണ്ടും, എസ്.ടി. വിഭാഗത്തിൽ ഒന്നും സീറ്റൊഴിവുണ്ട്. അർഹരായവർ അസൽ യോഗ്യത രേഖകളുമായി നവംബർ എട്ടിന് വൈകീട്ട് 3.30നകം എഡി. എ11 സെക്ഷനിൽ നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 8304870247.

(പി.ആർ.ഒ/39/1263/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എം.എസ്

വിഭാഗത്തിൽ ഒന്നും സീറ്റൊഴിവുണ്ട്. അർഹരായവർ അസൽ യോഗ്യത രേഖകളുമായി നവംബർ എട്ടിന് വൈകീട്ട് 3.30നകം എഡി. എ11 സെക്ഷനിൽ നേരിട്ട് ഹാജരാകണം. വിശദവിവരത്തിന് ഫോൺ: 8304870247.

(പി.ആർ.ഒ/39/1264/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് 2021 അഡ്മിഷന് ഓപ്പൺ ക്വാട്ടയിൽ അഞ്ച് സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ നവംബർ ഒൻപതിന് രാവിലെ 11ന് അസൽ സർട്ടിഫിക്കറ്റുകളുമായി പഠനവകുപ്പ് ഓഫീസിൽ എത്തണം.

(പി.ആർ.ഒ/39/1265/2021)

## പരീക്ഷഫലം

2021 ജൂലൈയിൽ നടന്ന ആറാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ ബയോകെമിസ്ട്രി (നോൺ സി.എസ്.എസ്.) റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1266/2021)

## പ്രോഗ്രാം അസോസിയേറ്റ് കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാല ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്-ടേം പ്രോഗ്രാംസിൽ (ഡി.എ.എസ്.പി.) പ്രോഗ്രാം അസോസിയേറ്റ് (സയൻസ്) തസ്തികയിൽ കരാർ നിയമനം നടത്തുന്നു. ഒരു വർഷത്തേക്കായിരിക്കും നിയമനം. ഡി.എ.എസ്.പി.യിലെ വിവിധ ഹ്രസ്വകാല കോഴ്സുകളുടെ ഏകോപനവും സംഘാടനവുമാണ് പ്രധാന ചുമതലകൾ. ഈഴവ വിഭാഗത്തിനുള്ള ഒരൊഴിവാണുള്ളത്. ശാസ്ത്രവിഷയത്തിൽ ബിരുദാനന്തര ബിരുദവും ഏതെങ്കിലും സയൻസ് വിഷയത്തിലുള്ള പി.എച്ച്.ഡി.യുമാണ് യോഗ്യത. അധ്യാപന പരിചയം, അന്താരാഷ്ട്ര അക്കാദമിക് എക്സ്പോഷർ, പ്രസിദ്ധീകരണങ്ങൾ, ഐ.റ്റി. സ്കിൽസ് എന്നിവ അഭികാമ്യം. മാസം 47000 രൂപ വേതനം ലഭിക്കും. 2021 ജനുവരി ഒന്നിന് 45 വയസ് കവിയരുത്. താല്പര്യമുള്ളവർ www.mgu.ac.in എന്ന സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനത്തോടൊപ്പമുള്ള നിശ്ചിത അപേക്ഷഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് dasp@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് നവംബർ 14ന് വൈകീട്ട് അഞ്ചിനകം സമർപ്പിക്കണം. 'ആപ്ലിക്കേഷൻ ഫോർ ദി പോസ്റ്റ് ഓഫ് പ്രോഗ്രാം അസോസിയേറ്റ് (സയൻസ്) - ഡി.എ.എസ്.പി. (ഓൺ കോൺട്രാക്ട്)' എന്ന സബ്ജക്ട് ഹെഡ് ചേർത്തായിരിക്കണം ഇമെയിലിൽ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയ്ക്കൊപ്പം പ്രായം, എസ്.എസ്.എൽ.സി., വിദ്യാഭ്യാസ യോഗ്യത (പി.ജി. കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, ഡിഗ്രി സർട്ടിഫിക്കറ്റുകൾ) പ്രവൃത്തിപരിചയം, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധികയോഗ്യത എന്നിവകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവകൂടി സമർപ്പിക്കണം. തസ്തികയിലേക്കുള്ള റാങ്ക് പട്ടികയിൽ ഉൾപ്പെടുത്താൻ പരിഗണിക്കപ്പെടുന്ന അവസരത്തിൽ ഉദ്യോഗാർഥികൾ വ്യക്തിഗത വിദ്യാഭ്യാസ രേഖകളുടെ അസൽ/ശരി പകർപ്പുകൾ എന്നിവ നിർദേശാനുസരണം സർവകലാശാലയിൽ പിന്നീട് സമർപ്പിക്കണം.

(പി.ആർ.ഒ/39/1267/2021)

## ഫാക്കൽറ്റി - കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസിൽ (ഐ.ഐ.ആർ.ബി.എസ്) ഫാക്കൽറ്റി കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 2021-22 അക്കാദമിക വർഷത്തിന്റെ അവസാനം വരെയാണ് കാലാവധി. പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ സർവകലാശാല ഉത്തരവുകൾക്ക് വിധേയമായി കാലാവധി ദീർഘിപ്പിക്കാം. മാത്തമാറ്റിക്സ് - പൊതുവിഭാഗം (ഒന്ന്), കമ്പ്യൂട്ടർ സയൻസ് - എസ്.സി. (ഒന്ന്), എൻവയൺമെന്റൽ സയൻസ് - പൊതുവിഭാഗം (ഒന്ന്) എന്നിങ്ങനെയാണ് ഒഴിവ്. ബന്ധപ്പെട്ട/അനുബന്ധ വിഷയങ്ങളിൽ കുറഞ്ഞത് 55 ശതമാനം മാർക്കോടെ (എസ്.സി./ എസ്.ടി. വിഭാഗത്തിന് 50 ശതമാനം) ബിരുദാനന്തര ബിരുദമാണ് യോഗ്യത. നെറ്റ്/ജെ.ആർ.എഫ്./പിഎച്ച്.ഡി./ പേപ്പർ പബ്ലിക്കേഷൻസ്/ പ്രസന്റേഷൻ/ പ്രവൃത്തിപരിചയം എന്നീ യോഗ്യതകൾ അഭികാമ്യം. നിർദ്ദിഷ്ട യു.ജി.സി. യോഗ്യതയുള്ളവർക്ക് പ്രതിദിനം 1750 രൂപ (പ്രതിമാസം പരമാവധി 43,750/- രൂപ) എന്ന നിരക്കിലും യു.ജി.സി. യോഗ്യതയില്ലാത്തവർക്ക് പ്രതിദിനം 1600/- രൂപ (പ്രതിമാസം പരമാവധി 40000 രൂപ) എന്ന നിരക്കിലുമാണ് വേതനം. 2021 ജനുവരി ഒന്നിന് 45 വയസ് കവിയരുത്. താല്പര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള നിശ്ചിത അപേക്ഷഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് iirbs@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് നവംബർ 10ന് വൈകീട്ട് അഞ്ചിന് മുമ്പ് സമർപ്പിക്കണം. 'ആപ്ലിക്കേഷൻ ഫോർ ദി പോസ്റ്റ് ഓഫ് കോൺട്രാക്ട് ഫാക്കൽറ്റി അറ്റ് ഐ.ഐ.ആർ.ബി.എസ്. (മാത്സ്/സി.എസ്./ഇ.എസ്.)' എന്ന സബ്ജക്ട് ഹെഡ് കൊടുത്തായിരിക്കണം ഇ-മെയിലിൽ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയ്ക്കൊപ്പം പ്രായം, എസ്.എസ്.എൽ.സി., വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധികയോഗ്യത എന്നിവകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവകൂടി സമർപ്പിക്കണം. അപേക്ഷകളുടെ പ്രാഥമിക പരിശോധനയിൽ യോഗ്യരായ ഉദ്യോഗാർഥികളെ ഓൺലൈൻ അഭിമുഖത്തിൽ പങ്കെടുപ്പിക്കും. ഓൺലൈൻ അഭിമുഖത്തിന്റെ തീയതി പിന്നീട് അറിയിക്കും. റാങ്ക് പട്ടികയിൽ ഉൾപ്പെടുത്താൻ പരിഗണിക്കപ്പെടുന്ന അവസരത്തിൽ ഉദ്യോഗാർഥികൾ വ്യക്തിഗത

വിദ്യാഭ്യാസ രേഖകളുടെ അസൽ/ശരി പകർപ്പുകൾ എന്നിവ നിർദേശാനുസരണം സർവകലാശാലയിൽ പിന്നീട് സമർപ്പിക്കണം. ഒരു വർഷമാണ് നിയമന കാലാവധി.

(പി.ആർ.ഒ/39/1268/2021)

## ത്രിദിന ശില്പശാല

മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷന്റെ കീഴിൽ 'ഇന്നത്തെ കാലഘട്ടത്തിൽ ജൈവകൃഷിയുടെ പ്രാധാന്യം, കൂൺകൃഷി, മട്ടുപ്പാവിലെ കൃഷി' എന്നീ വിഷയങ്ങളിൽ ത്രിദിന ശില്പശാല നടത്തുന്നു. നവംബർ എട്ട്, ഒൻപത്, 10 തീയതികളിൽ രാവിലെ 10 മുതൽ വൈകീട്ട് 3.30 വരെയാണ് ശില്പശാല. രജിസ്ട്രേഷൻ ഫീസ് 500 രൂപയാണ്. വിശദവിവരത്തിന് ഫോൺ: 8301000560, 9544981839.

(പി.ആർ.ഒ/39/1269/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ